# പള്ളികഥകൾ

## മിനികഥകൾ അന്ത്തി നാല്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫ് അച്ചൻ, ഒരു യുവതിയുടേയും നാല് യുവാക്കളുടേയും കഥയാണ് ഇന്ന് പറയാൻ പോകുന്നത്. ഇത് കേരളത്തിൽ നടന്ന കഥയാണ്. ആത്മസംയമനം ഇല്ലാതെ വെറുളി പിടിച്ചു നടക്കുന്ന ചെറുപ്പക്കാക്ക് സാധാരണ സംഭവിക്കുന്ന കാര്യമാണിത്.

# ബലാത്സംഗം

കേരളത്തിലെ ഒരു കുഗ്രാമത്തിലെ പള്ളിയിലെ പ്രായമുള്ള വികാരിയച്ചന്റെ പാഴ്സണേജിൽ ഒരു ദിവസം അതിരാവിലെ നാല് ചെറുപ്പക്കാർ എത്തി. വിലപിടിപ്പുള്ള ഒരു കാറിലാണ് അവർ എത്തിയത്. ഗൾഫിൽ ജോലി ചെയ്യുന്ന മാതാപിതാക്കളുടെ മക്കളാണ് അവരെന്നാണ് പറഞ്ഞത്. ഗൾഫിൽ ജോലി ചെയ്യുന്ന മാതാപിതാക്കളുടെ മക്കളാകുമ്പോൾ പണത്തിന് യാതൊരു കുറവും കാണത്തില്ലല്ലോ.

ഏതാനം ദിവസം മുമ്പ് ഒരു രാത്രിയിൽ, അദ്ധരാത്രിയിൽ, ആ ഗ്രാമത്തിലെ ഒരു യുവതിയെ അവർ നാലു പേർ ചേന്ന് ബലാൽസംഗം ചെയ്തു. അവർ അവധികാലം ആഘോഷിക്കാനായി അവരുടെ കുടുംബഗങ്ങളിൽ എത്തിയതായിരുന്നു. പട്ടണത്തിൽ പോയി രണ്ടാമത്തെ സിനിമയും കഴിഞ്ഞ് അവരിലൊരാളിന്റെ വിലകൂടിയവാനിൽ മദ്യപിച്ച് മടങ്ങുമ്പോഴാണ് ആ അസമയത്ത് ഒരു സ്ത്രീ റോഡിൽ കൂടെ നടന്നു പോകുന്നത് അവർ കണ്ടു. ഇടം വലം നോക്കി; ആരും അവിടെയെങ്ങും ഇല്ലന്നു മനസ്സിലാക്കി, ആ വാഹനത്തിലിട്ട് അവർ നാലു പേരും കൂടി അവളെ ബലാൽസംഗം ചെയ്തു. അതു കഴിഞ്ഞപ്പോഴാണ് അവൾ പറയുന്നത് അവൾക്ക് എയിഡ്സായിരുന്നെന്ന്.

“അച്ചാ, ഞങ്ങളെ എങ്ങിനെയെങ്കിലും രക്ഷിക്കണം, ആരും അറിയാതെ. ഇനിയും ജീവിതത്തിൽ ഒരിക്കലും ഞങ്ങൾ ഇങ്ങിനെ വഴിവിട്ട് പോകത്തില്ല.”

പഠിക്കാൻ മിടുമിടക്കരായ നാലു യുവാക്കളാണവർ. അതിൽ രണ്ടുപേർ ജീവിതത്തിൽ ആദ്യമായാണ് രതി സുഖമനുഭവിക്കാൻ കൂട്ടുകാരുടെ കൂടെ കൂടിയത്.

അച്ചന് ആ നാലു പേരുടേയും മാതാപിതാക്കളെ അറിയും. പള്ളിക്ക് ധാരാളം പണം കൊടുക്കുന്നവരാണ്. നല്ല പ്രാത്ഥനയും ദൈവഭയവും ഉള്ളവരാണ്. മക്കളെ ബോഡിംഗിലാക്കിയിട്ട് ഗൾഫിൽ പോയി അവർ മക്കളുടെ ഭാവി നന്മക്കായ് അഹോരാത്രം പണിപ്പെടുന്നവരാണ്.

സൂക്ഷ വിവരം അറിയാൻ അച്ചൻ പല വഴികളിൽ കൂടെ പരിശ്രമിച്ച് അവക്കു ഇരയായ്ത്തീന്ന പെൺകുട്ടിയെ കണ്ടു പിടിച്ച് അവളെ അച്ചന്റെയടുക്കൽ എത്തിച്ചു. അവൾ ക്രിസ്ത്യാനിയല്ല. അവൾ അവളുടെ കഥ പറയാൻ തുടങ്ങി. ഹൈസ്ക്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് മറ്റെന്തെങ്കിലും ചെയ്യണമെന്ന് ആഗ്രഹിച്ചു കഴിയുന്ന നിദ്ധനയായ ഒരു പെൺകുട്ടിയാണവൾ. ആയിടയ്ക്ക് അവളുടെ തൊട്ടടുത്തുള്ള സാമാന്യം ഭേദപ്പെട്ട വീട്ടിലെ ഒരു സ്ത്രീയുടെ ചേച്ചിയുടെ മകൻ ബോംബെയിൽ നിന്ന് അവധിക്കു വന്ന യുവാവ് അവളെ പരിചയപ്പെട്ടു. പെട്ടന്നു തന്നെ അവളുമായ് വളരെ അടുത്തു. അവളെ ആത്മാത്ഥമായ് സ്നേഹിക്കുകയാണെന്ന് അവൾ തെറ്റിദ്ധരിച്ചു. അവളെ വിവാഹം ചെയ്ത് ബോംബെയിൽ കൂട്ടികൊണ്ടു പോകാമെന്നയാൾ വാഗ്ദാനം ചെയ്തു. അവർ രണ്ടു പേരും ഒരേ ജാതിക്കാർ. അയാളെ കണ്ടാൽ സുന്ദരൻ. ജീവതത്തിൽ പലതും അറിയാനും അനുഭവിക്കാനും വ്യഗ്രത നിറഞ്ഞ അവളുടെ പ്രായം. സത്യമായും അവളെ വിവാഹം ചെയ്യാമെന്ന് അവളുടെ കയ്യിൽ പിടിച്ച് സത്യം ചെയ്ത് പറഞ്ഞ മനുഷ്യനെ എങ്ങിനെ അവിശ്വസിക്കും. അയാളുടെ ഇംഗിതത്തിന് വഴങ്ങി, അയാളുടെ കൂടെ സഹകരിച്ചു. അയാളുടെ കൂടെ സഹകരിച്ചില്ലങ്കിൽ ഒരു പക്ഷേ അയാൾ അവളെ വിവാഹം കഴിച്ചില്ലങ്കിലോ എന്ന ഭയവും അവൾക്കുണ്ടായി. എങ്ങിനെയെങ്കിലും അയാളെ സന്തോഷവാനാക്കിയാൽ, അയാൾ വിവാഹം ചെയ്ത് അവൾക്ക് ബോംബെയിൽ പോയി സുഖമായി ജീവിക്കാമല്ലോ എന്നവൾ സ്വപ്നം കണ്ടു. വണ്ണാഭമായ പല സ്വപ്നങ്ങളും അവൾ ദിനം പ്രതി കണ്ടു. ഇക്കുറി അയാൾ പോയിട്ട് ഉടനെ തന്നെ മടങ്ങി വന്ന് അവളെ വിവാഹം ചെയ്യാമെന്ന് പറഞ്ഞ് അയാൾ പോയി. ഏതാനം ദിവസങ്ങൾ കഴിഞ്ഞപ്പോഴാണ് അവൾ അറിയുന്നത്, അയാൾ വിവാഹം കഴിച്ചതാണെന്നും ഒരു കുഞ്ഞിന്റെ അച്ചനാണെന്നുമെല്ലാമുള്ള വിവരം. അപ്പഴേക്കും വളരെ വൈകി. അവൾ എയിഡ് രോഗ ബാധിതയാണെന്നു കൂടിമനസ്സിലാക്കിയപ്പോൾ അവൾ വേപുധഗാത്രിയായി. വളരെദിവസംആലോചിച്ചു. ഒരിക്കൽ ഇതുകിട്ടിയാൽ ഈ രോഗത്തിന് യാതൊരു മരുന്നുമില്ലന്നവൾക്ക് ബോദ്ധ്യപ്പെട്ടപ്പോൾ പിന്നീട് കാമവെറി പൂണ്ടു നടക്കുന്നവരെ ചതിക്കണമെന്നു തന്നെ അവൾ തീച്ചയാക്കി. വീട്ടിൽ എല്ലാവരും ഉറക്കമായി കഴിയുമ്പോൾ അവൾ സാരിയുമുടുത്ത് റോഡിൽ കൂടെ നടക്കുക പതിവായി. പലക്കും ഇതിനോടകം അവൾ ഈ രോഗത്തിന്റെ വിത്തുകൾ വിതച്ചു കഴിഞ്ഞു.

അന്നും പതിവുപോലെ അവൾ ഉടുത്തൊരുങ്ങി നടന്നപ്പോഴാണ് വിലകൂടിയ വാനിൽ നാല് ചെറുപ്പക്കാർ വന്ന് അവളെ വാ മൂടിക്കെട്ടി വണ്ടിയേൽ കയറ്റിയിട്ട് മാറിമാറി നേരം വെളുക്കും വെരെ ഉപയോഗിച്ചത്. അവളുടെ വായ് ഒരു തുണി കൊണ്ട് കെട്ടി, അവൾക്ക് ഉരിയാടാൻ പോലും വയ്യാത്ത വിധത്തിലാക്കിയിട്ടായിരുന്നു അവരുടെ പ്രവത്തികൾ. അത് സാക്ഷാൽ ഒരു ക്രൂരമായ ബലാൽസംഗം തന്നെയായിരുന്നു. അത്രയും നീചമായി ഇതുവെരെ ആരും അവളോട് പെരുമായിട്ടില്ലന്നവൾ പറഞ്ഞു. എല്ലാം കഴിഞ്ഞ് നേരം വെളുക്കാറായപ്പോൾ അവർ അവളെ റോഡിൽ കിടത്തിയിട്ട് കടന്നുകളഞ്ഞു. വായിന്റെ ബന്ധനം മാറ്റിയപ്പോൾ, മറ്റാരോടും പറയാത്ത രഹസ്യം അവൾ അവരോടു പറഞ്ഞു “എനിക്ക് എയിഡ്സാണ്. നിങ്ങൾക്കും ഇപ്പോൾ അത് കിട്ടിക്കഴിഞ്ഞു.” അവർ അവരുടെ വായിൽ തോന്നിയ അസഭ്യങ്ങൾ വിളിച്ചു പറഞ്ഞിട്ട് കടന്നുകളഞ്ഞു. അവരിൽ ചിലർ ആദ്യമായാണ് ഈ വിഷയത്തിൽ ഏപ്പെടുന്നതെന്ന് അവൾക്ക് നന്നായി മനസ്സിലായി. എന്തു ചെയ്യാം, അവനെല്ലാം കാമവെറിപൂണ്ടു നടക്കുകയല്ലേ, അനുഭവിക്കട്ടെയെന്നവൾ കരുതി.

അച്ചൻ താമസിക്കുന്ന പാഴ്സനേജിന്റെ വളരെ അടുത്താണ് അവൾ താമസിക്കുന്നതെങ്കിലും അവളെ കണ്ടു പിടിക്കാൻ അച്ചൻ വളരെ പ്രയാസപ്പെട്ടു. ഇനിയും ഇതുപോലെ നടക്കുന്ന ആ ഗ്രാമത്തിലെ ചെറുപ്പക്കാക്കെല്ലാം അവൾ ഈ രോഗം കൊടുക്കുമെന്നവൾ ഉറച്ച തീരുമാനത്തിലായിരുന്നു. അവളോട് അച്ചൻ എത്ര ഉപദേശിച്ചിട്ടും അവൾ അവളുടെ തീരുമാനത്തിൽ നിന്ന് പിന്മാറാൻ തയ്യാറല്ലായിരുന്നു.

അച്ചന്റെയടുക്കൽ പരാതികളുമായ വന്ന ചെറുപ്പക്കാരെ അച്ചന്റെ പരിചയക്കാരൻ ഡോക്ടറുമായി ബന്ധപ്പെടുത്തി വേണ്ട ചികിത്സയ്ക്കായ് രഹസ്യമായി ഏപ്പാടു ചെയ്തു. എത്ര പണം വേണമെങ്കിലും അവർ ചിലവാക്കാൻ തയ്യാറാണ്; പക്ഷേ ഈ രോഗത്തിന് പ്രതിവിധിഉണ്ടോ?

ജോസഫച്ചൻ ചോദ്യവുമായ് കഥ പറഞ്ഞു നിത്തി. അല്പനേരത്തെ സുഖം തേടി പോകുന്നവക്കിതു പാഠമാകട്ടെ.